ഡോ. മുഹമ്മദ് അബ്ദുൽ ഹഖ് അൻസാരി/പർവാസ് റഹ്മാനി



# 'ജമാഅത്ത് ഇനിയും മുന്നോട്ടു പോകണം'

*ജമാഅത്തെ ഇസ്‌ലാമി മുൻ അഖിലേന്ത്യാ അമീർ ഡോ. മുഹമ്മദ് അബ്ദുൽ ഹഖ് അൻസാരിയുമായി ദഅ്‌വത്ത് പത്രാധിപർ പർവാസ് റഹ്മാനി നടത്തിയ അഭിമുഖത്തിന്റെ സംഗ്രഹ വിവർത്തനം*

*കഴിഞ്ഞ നാലു വർഷം ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വം വഹിച്ച താങ്കൾ പ്രസ്ഥാനപ്രവർത്തകരെ വളരെ അടുത്തുനിന്നു വീക്ഷിക്കുകയായിരുന്നുവല്ലോ. ലക്ഷ്യബോധം, കർമാവേശം, അച്ചടക്കം, ധാർമികത എന്നിവയിൽ പ്രവർത്തകർ എവിടെ നിൽക്കുന്നു?*

▶ ജമാഅത്തെ ഇസ്‌ലാമിയുടെ അംഗീകൃത പോളിസി പ്രോഗ്രാമനുസരിച്ച് ജമാഅത്തിലെ വ്യക്തികൾക്കുപരി മൊത്തം ജമാഅത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് ഞാൻ മുഖ്യശ്രദ്ധ നൽകിയത്. പ്രബോധനരംഗത്തെ വൈവിധ്യം, സാമൂഹിക സംസ്കരണം, സാമുദായിക പ്രശ്നങ്ങൾ, ദേശീയ-അന്തർദേശീയ വിഷയങ്ങൾ തുടങ്ങിയവ ഉദാഹരണം. അതോടൊപ്പം കത്തുകളയച്ച പ്രവർത്തകർക്ക് നേരിട്ടു മറുപടി എഴുതുകയോ സെക്രട്ടറി ജനറലിനെ അക്കാര്യം ചുമതലപ്പെടുത്തുകയോ ചെയ്തിരുന്നു. സംശയങ്ങളുന്നയിച്ചവരുടെ സംശയങ്ങൾ ദൂരീകരിക്കാനും കാര്യങ്ങൾ ബോധ്യപ്പെടുത്താനും അതുവഴി സാധിച്ചു. ചിലരെക്കുറിച്ച് ആക്ഷേപങ്ങളും പരാതികളും ലഭിച്ചപ്പോൾ അന്വേഷിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയുമുണ്ടായി.

*താങ്കൾ നേതൃത്വം വഹിച്ച കാലയളവിൽ ഏതെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുകയും ആസൂത്രണം നടത്തുകയും ചെയ്തത്? അവ എത്രത്തോളം സാക്ഷാത്കരിക്കാൻ കഴിഞ്ഞു?*

▶ കഴിഞ്ഞ ചതുർവർഷ കാലയളവിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പല രംഗങ്ങളിലും നമുക്ക് മുന്നേറാൻ സാധിച്ചു. വിവിധ ഹൽഖകൾ (സംസ്ഥാന ഘടകങ്ങൾ) തയാറാക്കുന്ന പദ്ധതികളിൽ ഭാഗികമായ പരിഷ്കരണങ്ങൾ വരുത്തി കേന്ദ്രം അതിന് അംഗീകാരം നൽകുകയായിരുന്നു മുമ്പ് ചെയ്തിരുന്നത്. അതിനുപകരം എല്ലാ രംഗങ്ങളിലും അഖിലേന്ത്യാ അടിസ്ഥാനത്തിൽ കർമ പദ്ധതികൾ ആവിഷ്കരിക്കുകയാണ് ആദ്യം ചെയ്തത്. അതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഘടകങ്ങളെകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യിപ്പിക്കുകയും ചെയ്തു. സംസ്ഥാന ഘടകങ്ങൾ കൂടുതൽ വിപുലവും മികവുറ്റതുമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി.

വനിതകളുടെ പ്രവർത്തനങ്ങളും അഖിലേന്ത്യാ തലത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിരുന്നില്ല. എന്നാൽ കഴിഞ്ഞ മീഖാത്തിന്റെ (ചതുർവർഷ കാലയളവിന്റെ) തുടക്കത്തിൽ തന്നെ കേന്ദ്ര വനിതാ വിഭാഗം അഖിലേന്ത്യാതലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. വനിതകൾക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള പ്രേരണ നൽകുകയും ചെയ്തു. സമ്മേളനങ്ങളിൽ വനിതകളുടെ പങ്കാളിത്തം മുമ്പില്ലാത്ത വിധം വർധിച്ചിട്ടുണ്ട്. ജമാഅത്തിന്റെ ചരിത്രത്തിൽ ആദ്യമായി വനിതകൾക്കു മാത്രമായി ഒരു സംസ്ഥാന സമ്മേളനം ആന്ധ്രയിൽ നടക്കുകയുണ്ടായി. നാൽപതിനായിരം മുതൽ അമ്പതിനായിരം വരെ സ്ത്രീകൾ അതിൽ പങ്കെടുത്തു. പന്തൽ നിർമാണം പോലുള്ള ഒന്നുരണ്ട് കാര്യങ്ങൾ ഒഴിച്ചുനിർത്തിയാൽ സമ്മേളനത്തിന്റെ മറ്റെല്ലാ കാര്യങ്ങൾക്കും സ്ത്രീകൾ മാത്രമാണ് മേൽനോട്ടം വഹിച്ചത്.

രാഷ്ട്രീയരംഗത്ത് മൂന്ന് സുപ്രധാന കാര്യങ്ങൾ ചെയ്തു. കേന്ദ്ര കൂടിയാലോചനാ സമിതിയുടെ തീരുമാനപ്രകാരം പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശക്തമായി ഇടപെടാൻ ശ്രമിച്ചതാണ് അതിൽ ഒന്നാമത്തേത്. അതിനായി വിപുലമായ കർമപരിപാടികൾ ആസൂത്രണം ചെയ്തു. മുഴുവൻ മുസ്‌ലിം സംഘടനകളുടെയും പ്രമുഖ വ്യക്തികളുടെയും സഹകരണം ലഭിച്ചു. ഒരു സംയുക്ത പത്രിക പുറത്തിറക്കി. പൊതുജനാഭിപ്രായം രൂപവത്കരിക്കാൻ സഹായകമായ സംയുക്ത സമിതികൾ സംഘടിപ്പിക്കാൻ വിവിധ സംസ്ഥാന ഘടകങ്ങൾക്ക് നിർദേശം നൽകി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പരിശ്രമങ്ങളെല്ലാം ഫലം കണ്ടു.

രാഷ്ട്രീയ രംഗത്ത് മറ്റൊരു കാര്യം കൂടി ചെയ്തു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ നേരിട്ടു പങ്കെടുക്കാൻ ഏതാണ്ട് മൂന്നു വർഷം മുമ്പുതന്നെ ജമാഅത്ത് കേന്ദ്ര കൂടിയാലോചനാ സമിതി തീരുമാനിച്ചിരുന്നു. ഈ തീരുമാനം പ്രാവർത്തികമാക്കുന്നതിൽ തടസ്സമായിനിന്നത് സത്യപ്രതിജ്ഞാ വാചകങ്ങളായിരുന്നു. അതിനാൽ വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള സത്യപ്രതിജ്ഞാ വാചകങ്ങൾ ശേഖരിക്കുകയും അവയെ കുറിച്ച വിവിധ വ്യാഖ്യാനങ്ങൾ രേഖപ്പെടുത്തുകയും രാജ്യത്തെ പ്രമുഖ നിയമ വിശാരദർക്കും പണ്ഡിതന്മാർക്കും അത് അയച്ചുകൊടുക്കുകയും ചെയ്തു. ജമാഅത്തിലെ പണ്ഡിത സമിതിക്കു മുമ്പിൽ അത് വെച്ചു. രണ്ട് ദിവസത്തെ ചർച്ചക്കുശേഷം തദ്ദേശ തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്ന നിർദേശം ജമാഅത്ത് കൂടിയാലോചനാ സമിതിക്കു മുമ്പിൽ സമർപ്പിച്ചു. കേന്ദ്ര കൂടി

യാലോചനാ സമിതി അതേക്കുറിച്ച് ചർച്ചചെയ്യുകയും പ്രസ്തുത നിർദേശം അംഗീകരിക്കുകയും ചെയ്തു. പിന്നീട് അതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചു.

രാഷ്ട്രീയരംഗത്തെ മൂന്നാമത്തെ പ്രവർത്തനം കേരള നിയമസഭാ തെരഞ്ഞെടുപ്പിലായിരുന്നു. ജമാഅത്ത് അതിന്റെ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്തുന്നതിന് പൊതുജനാഭിപ്രായം രൂപവൽക്കരിക്കാൻ ഫലപ്രദമായ ശ്രമങ്ങൾ നടത്തി. മറ്റു ഘടകങ്ങളോടൊപ്പം ജമാഅത്തിന്റെ ശ്രമങ്ങളും നല്ല ഫലങ്ങളുളവാക്കുകയും സംസ്ഥാനത്ത് ഭരണം മാറുകയും ചെയ്തു.

ജനസേവന പ്രവർത്തനങ്ങൾ എന്നും ജമാഅത്തെ ഇസ്‌ലാമിയുടെ പോളിസി പ്രോഗ്രാമിന്റെ ഭാഗമാണ്. കഴിഞ്ഞ ചതുർവർഷ കാലയളവിൽ അവ കൂടുതൽ ആസൂത്രിതമായി നിർവഹിക്കാൻ ജനസേവന രംഗത്ത് കേരളത്തിൽ പ്രസ്താവ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സിദ്ദീഖ് ഹസൻ സാഹിബിനെ തെരഞ്ഞെടുത്തു. കേരളത്തിലെ ജമാഅത്ത് ശൂറയുമായി ദീർഘമായ ചർച്ചകൾ നടത്തിയ ശേഷമാണ് അദ്ദേഹത്തിന്റെ സേവനം കേന്ദ്രത്തിലേക്ക് മാറ്റിയത്. മീഖാത്തിന്റെ പാതി പിന്നിട്ട ശേഷമാണ് അദ്ദേഹം കേന്ദ്ര ജനസേവന വിഭാഗത്തിന്റെ സെക്രട്ടറിയുടെ ചുമതല ഏറ്റെടുത്ത്. ജനസേവന വിഭാഗത്തിനു മാത്രമായി ഒരു സെക്രട്ടറിയുണ്ടാകുന്നത് ജമാഅത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായിരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ മുതലായ മേഖലകളിൽ ഒരു ദശവർഷ പദ്ധതിക്ക് അദ്ദേഹം രൂപം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാ ഹൽഖാ അമീറുമാർക്കും വേണ്ടി ഒരു ശിൽപശാല സംഘടിപ്പിച്ചു. വളരെ പ്രതീക്ഷ നൽകുന്ന രീതിയിലാണ് അദ്ദേഹം പദ്ധതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

മുൻ അമീർ മൗലാനാ യൂസുഫ് സാഹിബിന്റെ കാലത്തുണ്ടായിരുന്ന വിദേശ പര്യടനങ്ങളും സമ്പർക്കങ്ങളും പല കാരണങ്ങളാൽ പിന്നീട് അത്രത്തോളമുണ്ടായിരുന്നില്ല. കഴിഞ്ഞ മീഖാത്തിൽ അത് പുനരാരംഭിക്കാൻ സാധിച്ചു. സുഊദി അറേബ്യ, യു.എ.ഇ, കുവൈത്ത്, ഖത്തർ, ഈജിപ്ത്, ഇറാൻ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കാനും പരിപാടികളിൽ പങ്കെടുക്കാനും പ്രബന്ധങ്ങൾ അവതരിപ്പിക്കാനും അവസരം ലഭിച്ചു. വ്യക്തികളുമായി കൂടിക്കാഴ്ച നടത്താനും വിവിധ സ്ഥാപനങ്ങളുമായി പരിചയപ്പെടാനും സാധിച്ചു. ജമാഅത്തിനെയും ജമാഅത്തിന്റെ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്താൻ അറബിയിൽ ഒരു ത്രൈമാസ പത്രിക പ്രസിദ്ധീകരിക്കാനും തുടങ്ങി. വിവിധ യാത്രകളിൽ സെക്രട്ടറിമാരിൽ ആരെങ്കിലും കൂടെയുണ്ടായിരുന്നു. ഗൾഫ് രാജ്യങ്ങളിലെ പ്രവർത്തകരുടെ സമ്മേളനങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു.

*തദ്ദേശ തെരഞ്ഞെടുപ്പിൽ നേരിട്ട് പങ്കെടുക്കുകയും മൂവ്മെന്റ് ഫോർ പീസ് ആന്റ് ജസ്റ്റിസ് (എം.പി.ജെ) രൂപവൽക്കരിക്കുകയും ചെയ്തതിന്റെ ഉദ്ദേശ്യമെന്തായിരുന്നു?*

▶ തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും കുറിച്ച് വളരെ മുമ്പു തന്നെ ജമാഅത്ത് തീരുമാനമെടുത്തിരുന്നു. കഴിഞ്ഞ മീഖാത്തിൽ പുതുതായി തീരുമാനിക്കുകയായിരുന്നില്ല. കഴിഞ്ഞ ഏതാനും വർഷമായി തദ്ദേശ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ പ്രാധാന്യം വളരെയേറെ വർധിച്ചിട്ടുണ്ട്. ജമാഅത്തിന്റെ തീരുമാനത്തിന് അങ്ങനെയൊരു പശ്ചാത്തലവുമുണ്ട്.

കഴിഞ്ഞ മീഖാത്തിൽ ഹൈദരാബാദിൽ നടന്ന ആദ്യത്തെ കൂടിയാലോചനാ സമിതി യോഗം എം.പി.ജെയുടെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് സുദീർഘമായി ചർച്ച ചെയ്ത ശേഷം പ്രസ്തുത സംഘടന രൂപവത്കരിക്കാൻ ഏകകണ്ഠമായി തീരുമാനിക്കുകയായിരുന്നു. മനുഷ്യാവകാശങ്ങളുടെ സംരക്ഷണം, നീതിയും ന്യായവും ഉറപ്പുവരുത്തൽ, സൗഹാർദവും സമാധാനവും സുരക്ഷയും നിലനിർത്തൽ, ജനാധിപത്യ മൂല്യങ്ങളുടെ പരിപോഷണം, ദാരിദ്ര്യവും രോഗവും അറിവില്ലായമയും നിർമാർജനം ചെയ്യൽ, ഉച്ചനീചത്വവും സാമ്പത്തിക അനീതിയും ഇല്ലാതാക്കൽ തുടങ്ങിയവക്കു വേണ്ടി പ്രവർത്തിക്കലാണ് എം.പി.ജെയുടെ ഒന്നാമത്തെ ലക്ഷ്യം. ജമാഅത്തെ ഇസ്‌ലാമിയുടെ പോളിസി പ്രോഗ്രാമിൽ തന്നെ പറഞ്ഞിട്ടുള്ള കാര്യങ്ങളാണിവ.

നാം വോട്ടു നൽകുന്ന പാർട്ടികളും വ്യക്തികളും രാജ്യത്തിന്റെയും സമുദായത്തിന്റെയും ക്ഷേമത്തിനായി നിർണിതമായ പ്രവർത്തനങ്ങൾ നടത്തുമെന്ന് നാം പ്രതീക്ഷിക്കുന്നു. അവർ അക്കാര്യം വാഗ്ദാനം നൽകാറുമുണ്ട്. പക്ഷേ, തെരഞ്ഞെടുപ്പിൽ ജയിച്ചാൽ അവരത് മറന്നുകളയലാണ് മിക്കപ്പോഴും സംഭവിക്കാറുള്ളത്. നാം അവരെ വാഗ്ദാനങ്ങളെക്കുറിച്ച് ഓർമിപ്പിക്കാൻ ശ്രമിക്കുകയോ അതിനുവേണ്ടി ശബ്ദമുയർത്തുകയോ ചെയ്യാറില്ല. രാജ്യത്തിന്റെയും സമുദായത്തിന്റെയും ക്ഷേമത്തിനായി നാം ഉന്നയിച്ച ആവശ്യങ്ങളെ കുറിച്ച് ഓർമിപ്പിക്കുകയും അവ നടപ്പിലാക്കാൻ സഹായകമാംവിധം പൊതുജനാഭിപ്രായം രൂപീകരിക്കുകയും ചെയ്യുന്ന ഒരു സമ്മർദ ഗ്രൂപ്പ് എന്ന നിലയിൽ കൂടിയാണ് എം.പി.ജെ രൂപവൽക്കരിച്ചിട്ടുള്ളത്.

*ചില സംസ്ഥാനങ്ങളിൽ ജമാഅത്ത് തെരഞ്ഞെടുപ്പിൽ ഇടപെടാൻ ശ്രമിക്കുകയുണ്ടായി. അത് എത്രത്തോളം ഫലം കണ്ടു? അതിന്റെ വെളിച്ചത്തിൽ ഭാവിയിൽ ഏതെല്ലാം സാധ്യതകൾ കാണുന്നു?*

▶ പാർലമെന്റ് തെരഞ്ഞെടുപ്പിലും കേരള നിയമസഭാ തെരഞ്ഞെടുപ്പിലുമാണ് ജമാഅത്ത് സജീവമായി രംഗത്തിറങ്ങിയത്. ഈ രണ്ടു തെരഞ്ഞെടുപ്പിലും ജമാഅത്ത് വഹിച്ച പങ്ക് അംഗീകരിക്കപ്പെട്ടതാണ്. തദ്ദേശഭരണ തെരഞ്ഞെടുപ്പിലാകട്ടെ ചില സ്ഥലങ്ങളിൽ ജമാഅത്ത് പ്രതിനിധികൾ വിജയിക്കുകയുണ്ടായി. തെരഞ്ഞെടുപ്പു രംഗത്തെ ആദ്യ കാൽവെപ്പായിരുന്നു അത്. അതിനാൽ അതിൽ കൂടുതൽ പ്രതീക്ഷിക്കാനും കഴിയില്ല.

*ഈ വിഷയത്തിൽ മറ്റു മുസ്‌ലിം സംഘടനകളുമായുള്ള കൂട്ടായ പ്രവർത്തനത്തിന്റെ അനുഭവം പറയാമോ?*

▶ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മിക്ക മുസ്‌ലിം സംഘടനകളുടെയും പ്രമുഖരുടെയും സഹകരണം ലഭിച്ചു. ഒരു സംയുക്ത പത്രിക പുറത്തിറക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാടുകൾ ആസൂത്രണം ചെയ്യാൻ ദൽഹിയിൽ ഒരു വർക്കിംഗ് കമ്മിറ്റിക്കു രൂപം നൽകി. സംസ്ഥാനങ്ങളിൽ എല്ലാ വിഭാഗക്കാരെയും ഉൾപ്പെടുത്തി പൊതുവേദികളുണ്ടാക്കുകയും ചെയ്തു. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജംഇയ്യത്ത് അഹ്‌ലെ ഹദീസ്, മുസ്‌ലിം മജ്‌ലിസെ മുശാവറത്ത് തുടങ്ങിയ സംഘടനകളുടെയും ശീഈ നേതാക്കളുടെയും സഹകരണം ലഭിച്ചു. ജംഇയ്യത്തുൽ ഉലമക്കും ജമാഅത്തിനുമിടയിലുണ്ടായിരുന്ന അകൽച്ച വളരെയധികം കുറഞ്ഞു. സമുദായത്തിന്റെ പ്രശ്നങ്ങൾ കൂട്ടായ ശ്രമത്തിലൂടെ പരിഹരിക്കാനുള്ള പ്രവണത ശക്തിപ്പെട്ടു. വിവിധ മേഖലകളിൽ പരസ്പര സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് അവസരം ലഭിച്ചു. സമുദായത്തിലെ വിവിധ സംഘടനകളെയും സ്ഥാപനങ്ങളെയും ഗ്രൂപ്പുകളെയും അടുപ്പിക്കാനുള്ള മാർഗം അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ ഗവേഷണവും ചർച്ചയുമല്ല, മുസ്‌ലിംകളെയും ഇതര വിഭാഗങ്ങളെയുമെല്ലാം ബാധിക്കുന്ന പൊതുവായ മാനുഷിക പ്രശ്നങ്ങളാണെന്നാണ് എന്റെ വീക്ഷണം.

*തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ ഇടപെടുകയും അത്തരത്തിലുള്ള മറ്റു പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതിന്റെ*

*ഉദ്ദേശ്യം മുസ്‌ലിം സമുദായത്തിന്റെ നന്മയും ജമാഅത്തിന്റെ മൗലിക പ്രബോധനത്തിന് അനുകൂല സാഹചര്യമൊരുക്കലുമാണല്ലോ. ജമാഅത്തിന്റെ അടിസ്ഥാന പ്രവർത്തനത്തിലൂടെ, അതായത് ഇസ്‌ലാമിക പ്രബോധനത്തിലൂടെ തന്നെ ഈ ലക്ഷ്യം നേടാൻ കഴിയില്ലേ?*

▶ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും വർഗീയ ഫാഷിസ്റ്റു ശക്തികൾ അധികാരത്തിൽ വരരുതെന്നാണ് നാം ആഗ്രഹിക്കുന്നത്. ജനാധിപത്യ ഗവൺമെന്റ് നിലനിൽക്കണമെന്നും ജനാധിപത്യശക്തികൾക്ക് സുരക്ഷിതത്വം ലഭിക്കണമെന്നും നീതിയും ന്യായവും നടപ്പാവണമെന്നും നാം ആഗ്രഹിക്കുന്നു. ഒരു മതത്തിനും സംസ്കാരത്തിനും ദേശീയതക്കും മാത്രം മേധാവിത്വം നൽകപ്പെടുന്ന സാഹചര്യമുണ്ടായിക്കൂടാ. ജമാഅത്തിന്റെ പോളിസി പ്രോഗ്രാമിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്.

ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിലൂടെയും ഇസ്‌ലാമിക പ്രബോധനത്തിലൂടെയും മാത്രം ഈ ലക്ഷ്യങ്ങൾ നേടാൻ കഴിയില്ല. പ്രബോധനത്തോടൊപ്പം മറ്റു രംഗങ്ങളിലും പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും ഇസ്‌ലാമിനെ കുറിച്ച തെറ്റുധാരണകൾ നീക്കുകയും ചെയ്യുന്നതിനോടൊപ്പം മുസ്‌ലിംകളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും ശ്രമിക്കേണ്ടതുണ്ട്. സ്കൂളുകളും കോളേജുകളും മദ്റസകളും യൂനിവേഴ്സിറ്റികളും ആരംഭിക്കണം. മുസ്‌ലിംകളുടെ ജീവനും സ്വത്തും സുരക്ഷിതമാകാൻ ബോധവത്കരണം നടത്തുകയും രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്തുകയും വേണം. ന്യൂനപക്ഷവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ ഗവൺമെന്റിനെക്കൊണ്ട് നിയമങ്ങൾ നിർമിക്കുകയും എക്സിക്യൂട്ടീവിനെകൊണ്ട് അവ നടപ്പിൽ വരുത്തുകയും ചെയ്യണം. മുസ്‌ലിംവിരുദ്ധ നടപടികളെ കോടതികളിലൂടെ ചെറുക്കുകയും വേണം. വർഗീയ കലാപങ്ങളെ എല്ലാവരും ഒറ്റക്കെട്ടായി തടയാൻ ശ്രമിക്കുകയും കലാപങ്ങളുണ്ടായാൽ വിപുലമായ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

ഈ ചോദ്യം ഉത്ഭവിച്ച ശുദ്ധഗതിയിലധിഷ്ഠിതമായ ചിന്താഗതിയിലും മാറ്റം വരേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ പോളിസി പ്രോഗ്രാമിന് രൂപം നൽകിയ കമ്മിറ്റിക്കോ സുദീർഘമായ ചർച്ചകൾക്കുശേഷം അതിന് അന്തിമരൂപം നൽകിയ കൂടിയാലോചനാ സമിതിക്കോ ഏതായാലും ഈ ചിന്താഗതിയില്ല. ആ പോളിസി പ്രോഗ്രാമനുസരിച്ചാണ് ഇത്രയും കാലം ജമാഅത്തിന്റെ പ്രവർത്തനം നടന്നത്. ഇൻ ശാഅല്ലാഹ്, ഇനിയും അതേ രീതിയിൽ മുന്നോട്ടുപോകും.

*നാലുവർഷം മുമ്പ് താങ്കൾ നേതൃത്വം ഏറ്റെടുത്ത ശേഷം ദഅ്‌വത്തിനു നൽകിയ ഒരു അഭിമുഖത്തിൽ നിലവിലുള്ള കർമശാസ്ത്ര രചനകൾക്കു പകരം വിശുദ്ധ ഖുർആന്റെ തത്ത്വങ്ങളുടെയും ഹദീസ് വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ പുതിയ രചനകളുണ്ടാകേണ്ടത് ആവശ്യമാണെന്ന് പറഞ്ഞിരുന്നു. ഈ രംഗത്ത് എത്രത്തോളം മുന്നോട്ടുപോകാൻ കഴിഞ്ഞു?*

▶ നിലവിലുള്ള കർമശാസ്ത്രഗ്രന്ഥങ്ങളെ മറികടന്ന് ഖുർആനിലേക്കും സുന്നത്തിലേക്കും നേരിട്ടു മടങ്ങണമെന്നു ഞാൻ പറഞ്ഞത് മുഖ്യമായും സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലായിരുന്നു. എങ്കിലും അത് അവയിൽ പരിമിതമായിരുന്നില്ല. സ്ത്രീകളുടെ അവകാശ ബാധ്യതകൾ സംബന്ധമായ പാശ്ചാത്യ സംസ്കാരത്തിന്റെ നിലപാട് ലോകത്തുടനീളം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. മുസ്‌ലിം ലോകത്തിന്റെ കാര്യവും ഭിന്നമല്ല. ഇത് ഉയർത്തുന്ന പ്രശ്നങ്ങളെ കുറിച്ച് നമ്മുടെ കർമശാസ്ത്ര പണ്ഡിതന്മാർ ഗൗരവപൂർവം ചിന്തിക്കേണ്ടതുണ്ട്. അതിന് ഖുർആനിലേക്കും സുന്നത്തിലേക്കും ശരീഅത്തിന്റെ ലക്ഷ്യങ്ങളിലേക്കും നേരിട്ടു മടങ്ങണം. പക്ഷേ, ഞാൻ ആ മേഖലയുടെ ആളല്ല. അതുകൊണ്ട് എനിക്ക് അതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടാൻ മാത്രമേ സാധിക്കൂ. മൗലാനാ മൗദൂദി *ഹുഖൂഖുസ്സൗജൈനി*യിൽ ചില വിഷയങ്ങളെകുറിച്ച് ചർച്ചചെയ്യുന്നിടത്ത് പരമ്പരാഗത കർമശാസ്ത്ര ചിന്താസരണികളുടെ ബന്ധനങ്ങൾക്കതീതനായി ഖുർആനിലേക്കും സുന്നത്തിലേക്കും നേരിട്ടു മടങ്ങുന്നതു കാണാം. അദ്ദേഹം ചൂണ്ടിക്കാണിച്ച വഴിയിലൂടെ കർമശാസ്ത്ര പണ്ഡിതന്മാർ മുന്നോട്ടു പോകേണ്ടതുണ്ട്.

*കഴിഞ്ഞ മീഖാത്തിൽ മനുഷ്യാവകാശ കാമ്പയിനും ഇസ്‌ലാമിക കുടുംബ കാമ്പയിനും വിപുലമായ രീതിയിൽ നടക്കുകയുണ്ടായി. എന്നാൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന കാമ്പയിൻ അഖിലേന്ത്യാടിസ്ഥാനത്തിൽ ആചരിക്കപ്പെട്ടില്ല. എന്താണ് കാരണം?*

▶ പുതിയ മീഖാത്തിലേക്ക് ആവശ്യമായ പോളിസി-പ്രോഗ്രാം പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൂടിയാലോചനാസമിതി നിശ്ചയിക്കുന്ന കമ്മിറ്റിയാണ് തയാറാക്കാറ്. കമ്മിറ്റി മുന്നോട്ടുവെക്കുന്ന നിർദേശങ്ങളെ കുറിച്ച് കൂടിയാലോചനാ സമിതി ചർച്ച നടത്തുകയും ആവശ്യമായ ഭേദഗതികൾക്കു ശേഷം അംഗീകരിക്കുകയുമാണ് പൊതുവായ രീതി. കഴിഞ്ഞ മീഖാത്തിൽ പോളിസി-പ്രോഗ്രാമിൽ പ്രബോധന കാമ്പയിൻ നിർദേശിച്ചിട്ടുണ്ടായിരുന്നില്ല. എങ്കിലും കേന്ദ്ര ജമാഅത്തിനു കീഴിലെ പ്രബോധന വിഭാഗം ഈ കാലയളവിൽ സുപ്രധാനമായ പല പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

ഞാൻ നേതൃത്വമേറ്റെടുത്തതിനു മുമ്പത്തെ മീഖാത്തിനെ ദഅ്‌വാ മീഖാത്താക്കാൻ മുൻ അമീർ തീരുമാനിച്ചിരുന്നു. അതിനനുസരിച്ച് വിവിധ ഹൽഖകൾ ആ കാലയളവിൽ ഖുർആനെയും മുഹമ്മദ് നബി(സ)യെയും പരിചയപ്പെടുത്തുന്ന രണ്ട് കാമ്പയിനുകൾ നടത്തുകയുണ്ടായി. അന്ന് പ്രസ്തുത കാമ്പയിനുകൾ നടത്താൻ സാധിക്കാത്ത ഹൽഖകൾ കഴിഞ്ഞ മീഖാത്തിലാണ് അവ നടത്തിയത്. ബിഹാറിലും ഗുജറാത്തിലും നടന്ന ഖുർആൻ കാമ്പയിനുകൾ ഉദാഹരണം. ദൽഹിയിലും ഝാർഖണ്ഡിലും ഇതു പോലുള്ള പരിപാടികൾ നടന്നു.

കഴിഞ്ഞ മീഖാത്തിൽ കൂടിയാലോചനാ സമിതി തീരുമാനിച്ചതനുസരിച്ച് രണ്ടു കാമ്പയിനുകളാണ് -മനുഷ്യാവകാശ കാമ്പയിനും ഇസ്‌ലാമിക കുടുംബ കാമ്പയിനും- വിപുലമായ തോതിൽ നടന്നത്. ഇസ്‌ലാമിന്റെ അനുയായികൾ അമുസ്‌ലിംകളെ സഹോദരങ്ങളും തങ്ങളെ പോലുള്ള മനുഷ്യരുമായി കണ്ട് അവരുടെ പ്രശ്നങ്ങളിലും താൽപര്യമെടുക്കുന്നുണ്ടെന്നും അമുസ്‌ലിംകളോട് നീതിയും സൗഹാർദവും അനുഭാവവും പുലർത്തൽ ഇസ്‌ലാമിന്റെ സുപ്രധാന ഭാഗമാണെന്നുമുള്ള സന്ദേശമാണ് മനുഷ്യാവകാശ കാമ്പയിൻ സമർപ്പിച്ചത്. പ്രസ്തുത കാമ്പയിന്റെ ശീർഷകത്തിൽ ഖുർആന്റെയും പ്രവാചകന്റെയും പേരില്ലെങ്കിലും ഖുർആന്റെയും സുന്നത്തിന്റെയും അധ്യാപനങ്ങളും അവ പ്രാവർത്തികമാക്കാനുള്ള ആഹ്വാനങ്ങളും ആ കാമ്പയിനിലുടനീളം നിറഞ്ഞുനിന്നിരുന്നു.

കഴിഞ്ഞ മീഖാത്തിൽ ഇസ്‌ലാമീ അക്കാദമിക്ക് തുടക്കം കുറിക്കാനും കഴിഞ്ഞു. പോളിസി പ്രോഗ്രാമിൽ അക്കാദമിയെ കുറിച്ച് പറഞ്ഞിരുന്നില്ലെങ്കിലും അതിന്റെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കി അതിന്റെ പദ്ധതി തയാറാക്കുകയും കേന്ദ്ര ജമാഅത്തിലെയും ദൽഹി ഹൽഖയിലെയും ഉത്തരവാദപ്പെട്ടവരെ കൂട്ടി അതിന്റെ രജിസ്ട്രേഷൻ നടത്തിക്കുകയുമായിരുന്നു. 2005 ആഗസ്റ്റിൽ അക്കാദമി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മൂന്ന് സുപ്രധാന ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് ഇസ്‌ലാമീ അക്കാദമി സ്ഥാപിച്ചിട്ടുള്ളത്. ബുദ്ധിയും കഴിവുമുള്ള യുവജനങ്ങളുടെ ഒരു സംഘത്തെ പ്രബോധന പ്രവർത്തനങ്ങൾക്കുവേണ്ടി വൈജ്ഞാനികമായും ചിന്താപരമായും കർമപര

മായും സജ്ജരാക്കുകയാണ് ഒന്നാമത്തെ ലക്ഷ്യം. ഭാവിയിൽ ജമാഅത്തിന് ചിന്താപരമായി നേതൃത്വം നൽകാൻ കഴിയുന്ന ഒരു ഗ്രൂപ്പിനെ വളർത്തിക്കൊണ്ടുവരാനും ഉദ്ദേശിക്കുന്നു. ചരിത്രം, രാഷ്ട്രമീമാംസ, സാമ്പത്തിക ശാസ്ത്രം, ദർശനം, മതം, ധർമശാസ്ത്രം, നിയമം, കർമശാസ്ത്രം, സാഹിത്യം, മാധ്യമ പ്രവർത്തനം എന്നീ രംഗങ്ങളിലെല്ലാം മുന്നിട്ടുനിൽക്കാൻ അവർക്കു സാധിക്കണം.

അക്കാദമിയുടെ മുമ്പിൽ മൂന്നമതൊരു ലക്ഷ്യം കൂടിയുണ്ട്: നമ്മുടെ നിലവിലുള്ള പ്രസ്ഥാന സാഹിത്യം അസാധാരണ മികവ് പുലർത്തുന്നതും സുപ്രധാനവുമാണെങ്കിലും അതിനൊരു പോരായ്മയുണ്ട്. പാശ്ചാത്യ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണ് അത് രൂപംകൊണ്ടിട്ടുള്ളത്. പാശ്ചാത്യ സംസ്കാരത്തെ അത് നിശിതമായി നിരൂപണം ചെയ്യുകയും അതിനെതിരെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇസ്‌ലാമിന്റെ ആശയങ്ങളും മൂല്യങ്ങളും വിശദീകരിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിനെ ഒരു പ്രസ്ഥാനമായി മനസ്സിലാക്കി അതിനായി രംഗത്തുവരാൻ സ്ത്രീ-പുരുഷ-പ്രായ ഭേദമന്യേ എല്ലാവരെയും അത് സജ്ജരാക്കുന്നു. എന്നാൽ അത് ഇന്ത്യയുടെ ചരിത്രം, സംസ്കാരം, മതങ്ങൾ, ആചാരങ്ങൾ എന്നിവ ശ്രദ്ധിക്കുകയോ വൈജ്ഞാനികവും ചിന്താപരവും ധാർമികവും മതപരവും വൈയക്തികവും സാമൂഹികവുമായ അനിവാര്യമായ ഒരു വിപ്ലവത്തിന് രാജ്യത്തെ തയാറാക്കുകയോ ചെയ്യുന്നില്ല. ഈ ന്യൂനത പരിഹരിക്കാൻ ശ്രമിക്കലും അക്കാദമിയുടെ ലക്ഷ്യമാണ്. ഒരർഥത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ ജമാഅത്ത് സ്ഥാപിക്കുകയും ജമാഅത്തിലെ പല പ്രമുഖരുടെയും വളർച്ചയിൽ പങ്കുവഹിക്കുകയും ചെയ്ത സാനവി ദർസ്ഗാഹിന്റെ പുനരുജ്ജീവനമാണ് ഇസ്‌ലാമീ അക്കാദമിയിലൂടെ നടക്കുന്നത്. തിരക്കുകൾക്കിടയിലും അക്കാദമിയിൽ ക്ലാസ്സെടുക്കാനും മൂല്യനിർണയത്തിൽ പങ്കാളിയാകാനും എനിക്ക് സാധിച്ചു. എന്റെ ഗ്രന്ഥശേഖരത്തിൽനിന്ന് വലിയൊരു ഭാഗം അക്കാദമി ലൈബ്രേറിയിലേക്ക് നൽകിയിട്ടുമുണ്ട്.

*ഇസ്‌ലാമിക പ്രസ്ഥാനത്തിൽ പുതുരക്തത്തിന്റെ ആഗമനം ശുഭസൂചനയാണ്. എന്നാൽ ഇതിലൂടെ മുതിർന്നവരും പരിചയസമ്പന്നരുമായ വ്യക്തികൾ അവഗണിക്കപ്പെടുന്നതുപോലുള്ള വല്ല നിഷേധാത്മക വശവും താങ്കൾ കാണുന്നുണ്ടോ?*

▶ മുതിർന്നവരും പരിചയസമ്പന്നരുമായവരെ പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണ്. എന്നാൽ പുതുതായുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അതനുസരിച്ച് ലക്ഷ്യം കൈവരിക്കാനുള്ള പുതിയ പരീക്ഷണങ്ങൾ നടത്താനും പുതിയ വഴികൾ തുറക്കാനും പുതിയവർക്ക് അവസരം നൽകേണ്ടതും ആവശ്യമാണ്. പഴയവർ നവാഗതർക്ക് ഹൃദയവിശാലതയോടെ സ്ഥലം ഒഴിഞ്ഞുകൊടുത്തുകൊണ്ടിരിക്കേണ്ടതുണ്ട്.

*ജമാഅത്തിന്റെ പുതിയ നേതൃത്വത്തെ കുറിച്ച താങ്കളുടെ പ്രതീക്ഷകൾ?*

▶ ബഹുമാന്യ അമീർ മൗലാനാ ജലാലുദ്ദീൻ അൻസർ ഉമരി *ദഅ്‌വത്തി*നു നൽകിയ അഭിമുഖത്തിൽ ജമാഅത്ത് ഇതുവരെ മുൻകൈയെടുത്ത കാര്യങ്ങളെയെല്ലാം സ്വാഗതം ചെയ്തിട്ടുണ്ട്. വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ, മുന്നോട്ടുപോയേടത്തുനിന്ന് ജമാഅത്ത് പിന്തിരിയില്ലെന്നും ഇതുവരെ മുന്നേറാൻ കഴിയാത്ത മേഖലകളിൽ കൂടി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുന്നേറ്റം നടത്തുമെന്നുമുള്ള പ്രതീക്ഷ നൽകുന്നതാണ്. ജമാഅത്തെ ഇസ്‌ലാമിയിൽ സുപ്രധാന തീരുമാനങ്ങളെടുക്കുന്നത് വ്യക്തികളല്ല; കൂടിയാലോചനാ സമിതിയാണ്. അതിന് ആര് തുടക്കം കുറിക്കുന്നു. അക്കാര്യത്തിൽ ആരോടെല്ലാം സഹകരിക്കുന്നുവെന്നത് മറ്റൊരു കാര്യം. ജമാഅത്ത് കൂടിയാലോചനാ സമിതി പ്രസ്ഥാനത്തിന്റെ പ്രയാണത്തിന് നിശ്ചയിച്ച വഴി മാറ്റാൻ വ്യക്തികൾക്ക് സാധിക്കുകയില്ല. ആർക്കെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ നന്നെ കവിഞ്ഞാൽ അയാളുടെ സഞ്ചാരത്തിന്റെ വേഗം അൽപം കുറഞ്ഞെന്നിരിക്കും. പക്ഷേ, പ്രസ്ഥാനത്തിന്റെ സഞ്ചാരദിശ മാറ്റാൻ സാധിക്കുകയില്ല.

ജമാഅത്ത് ഇന്ന് എവിടെ നിൽക്കുന്നുവോ എല്ലാ രംഗങ്ങളിലും അവിടെനിന്ന് ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. അതിന് അമീറിനോടൊപ്പം മറ്റുള്ളവരും അവരവരുടെ ദൗത്യം നിർവഹിക്കണം. പ്രസ്ഥാനം ഒരു ശരീരത്തെ പോലെ പ്രവർത്തിക്കേണ്ടതുണ്ട്. ഓരോ അവയവവും അതിന്റെ ധർമം നിർവഹിക്കുമ്പോഴാണ് മൊത്തം ശരീരത്തിന് അതിന്റെ ദൗത്യം നിർവഹിക്കാൻ സാധിക്കുക.

പ്രാർഥനയിൽ ഈ എളിയവനെ കൂടി ഉൾപ്പെടുത്താൻ പ്രസ്ഥാനപ്രവർത്തകരോടും നേതാക്കളോടും സുഹൃത്തുക്കളോടും വായനക്കാരോടും അഭ്യർഥിക്കുന്നു. ആർക്കെങ്കിലും എന്നിൽനിന്ന് വല്ല ബുദ്ധിമുട്ടുമുണ്ടായിട്ടുണ്ടെങ്കിൽ എനിക്ക് മാപ്പു തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. അല്ലാഹു തആലാ നമുക്കെല്ലാവർക്കും അവന്റെ ദീനിന്റെ മാർഗത്തിൽ ഒരു ശരീരം പോലെ ഒറ്റക്കെട്ടായി പ്രവർത്തിക്കാനുള്ള ഉതവി നൽകി അനുഗ്രഹിക്കട്ടെ, കഴിഞ്ഞ കാലത്ത് അറിഞ്ഞോ അറിയാതെയോ സംഭവിച്ച വീഴ്ചകൾ അവൻ പൊറുത്തുതരട്ടെ. ■